കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956-ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം) CIN :U40100KL2011SGC027424

ചീഫ് എഞ്ചിനീയർ (REES,SOURA) &
ചീഫ് സേഫ്റ്റി കമ്മീഷണറുടെ കാര്യാലയം

ഊർജ്ജ കേരള മിഷൻ

രജി. ഓഫീസ് : വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം - 695 004, കേരള

ഫോൺ +91 9446008137, ഇ-മെയിൽ : safetykseb@gmail.com, വെബ് സൈറ്റ് : www.kseb.in

നമ്പർ:- സ്റ്റേറ്റ് ലെവൽ സേഫ്റ്റി കമ്മിറ്റി മീറ്റിംഗ് മിനിട്ട്സ്/2024-25/ 269 തീയതി: 08 /04/2024

04-03-2024-ന പകൽ 02..00 ന തിരുവനന്തപുരം വൈദ്യുതി ഭവനിലെ 9 ആം നിലയിലെ കോൺഫറൻസ് ഹാളിൽ കൂടിയ പതിനേഴാമത് സംസ്ഥാന തല-സുരക്ഷാ കമ്മിറ്റി യോഗത്തിന്റെ നടപടിക്കുറിപ്പ്

പങ്കെടുത്തവർ

(1) ശ്രീ സുരേന്ദ്ര പി , ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ , എസ് സി എം ,ഐ ടി & സേഫ്റ്റി)

(2) ശ്രീ പ്രസാദ് വിഎൻ, ചീഫ് എഞ്ചിനീയർ (റീസ്, സൗര) & ചീഫ് സേഫ്റ്റി കമ്മീഷണർ

(3) ശ്രീ .രാജേഷ് ബാബു, അഡിഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് .

(4) ശ്രീ.രാജേഷ്.ഡി.എസ്, ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ഡിസ്ട്രിബ്യൂഷൻ, സൗത്ത്)

(5) ശ്രീ.സുധർമ്മൻ, ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ഡിസ്ട്രിബ്യൂഷൻ, സെൻട്രൽ)

(6) ശ്രീമതി .സന്ധ്യ ദിവാകർ , ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ഡിസ്ട്രിബ്യൂഷൻ നോർത്ത്)

(7) ശ്രീമതി .സ്മിതാ മാത്യു, ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ഡിസ്ട്രിബ്യൂഷൻ നോർത്ത് മലബാർ)

(8) ശ്രീമതി ലീലാമ്മായി.എ, ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ട്രാൻസ്മിഷൻ സൗത്ത്)

(9) ശ്രീ മനോജൻ പി പി , ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ട്രാൻസ്മിഷൻ നോർത്ത്)

(10) ശ്രീ.സുദേവ്കുമാർ .എം.കെ , ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ജനറേഷൻ)

(11) ശ്രീമതി. സജിതകുമാരി.ടി.എസ്, റ്റി .എ ടു ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ,ഐ.റ്റി & എസ്.സി,എം)

(12) ശ്രീ റാം മഹേഷ്.ആർ, ചീഫ് പേഴ്സണൽ ഓഫീസർ.

(13) ശ്രീമതി മഞ്ജു എസ് ദേവ്,എക്സിക്യൂട്ടീവ് എഞ്ചിനീയർ, ചീഫ് സേഫ്റ്റി കമ്മീഷണറുടെ കാര്യാലയം.

(14) ശ്രീ.ഷിബു.കെ.ജോസഫ്, എക്സിക്യൂട്ടീവ് എൻജിനീയർ, O/o ഡയറക്ടർ (ജനറേഷൻ -ഇലക്ട്രിക്കൽ)

(15) ശ്രീ സജീവ് കുമാർ M P , KSEBWA പ്രതിനിധി

(16) ശ്രീ ശ്രീനാഥ്.ജി , KSEBWA പ്രതിനിധി

(17) ശ്രീ .അനീഷ്.ഡി, KSEBOA പ്രതിനിധി

(18) ശ്രീ.വിജി പ്രഭാകരൻ, KSEBEA പ്രതിനിധി

(19) ശ്രീ. സുബ്രഹ്മണ്യൻ.കെ.കെ, KSEBOF പ്രതിനിധി

(20) ശ്രീ. ആനന്ദ്, KEOC പ്രതിനിധി

(21) ശ്രീ. അരുൺ, KSEBO സംഘ് പ്രതിനിധി

(22) ശ്രീ അജയ് ശ്രീ ഹർഷൻ, അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ, ചീഫ് സേഫ്റ്റി കമ്മീഷണറുടെ കാര്യാലയം

(23) ശ്രീ. ശ്രീജിത്ത്.എസ്.ആർ, അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ, ചീഫ് സേഫ്റ്റി കമ്മീഷണറുടെ കാര്യാലയം

(24) ശ്രീ അനന്തകൃഷ്ണൻ എം ജി, അസിസ്റ്റൻറ് എൻജിനീയർ, ചീഫ് സേഫ്റ്റി കമ്മീഷണറുടെ കാര്യാലയം

(25) ശ്രീമതി ഫാത്തിമാ ബീവി. എ, അസിസ്റ്റൻറ് എൻജിനീയർ, ചീഫ് സേഫ്റ്റി കമ്മീഷണറുടെ കാര്യാലയം

ചീഫ് സേഫ്റ്റി കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ പകൽ 02.00 ന യോഗനടപടികൾ ആരംഭിച്ചു. വിദൂര ജില്ലകളിൽ ഉള്ള ഓഫീസർമാർ online ആയി പങ്കെടുത്തു.

- അദ്ധ്യക്ഷൻ മീറ്റിങ്ങിൽ പങ്കെടുത്ത ബഹു.ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ , എസ് സി എം & സേഫ്റ്റി) യെയും മറ്റ് ഓഫീസർമാരെയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു സംസാരിച്ചു. പതിനാറാമത് സ്റ്റേറ്റ് ലെവൽ safety കമ്മിറ്റി മീറ്റിംഗ് കൂടിയത് 13.11.2023 ന് ആണ്. 2023 ൽ നടന്ന വൈദ്യുത അപകടത്തിൻറെ എണ്ണം മുൻ വർഷവുമായി താരതമ്യം ചെയ്യുമ്പോൾ കുറവാണ്. എന്നാൽ 6 വീതം മാരകമായ അപകടം ബോർഡ് ജീവനക്കാർക്കും കരാർ ജീവനക്കാർക്കും ഉണ്ടായി ഈ മാരകമായ അപകടങ്ങളെ വിശകലനം ചെയ്യുമ്പോൾ , കൂടുതൽ അപകടങ്ങൾക്കും കാരണം സൂപ്പർവൈസർമാരുടെ ഭാഗത്ത് നിന്നും ഉണ്ടായ വീഴ്ച്ചയാണ് എന്നും, ഒന്നു രണ്ടു അപകടങ്ങൾ overconfidence കാരണം ഉണ്ടായി എന്നും പറഞ്ഞു. ഈ വർഷം ഇതുവരെ നമ്മുടെ ജീവനക്കാർക്ക് മാരകമായ അപകടങ്ങൾ ഉണ്ടായില്ല എങ്കിലും മാരകമല്ലാത്ത അപകടങ്ങൾ ഉണ്ടായിട്ടുണ്ട്. 04.03.2024 വെളുപ്പിന് പത്തനംത്തിട്ട വടശ്ശേരിക്കര സെക്ഷനിലെ ഇലക്ട്രിസിറ്റി വർക്കർ, റാന്നി സെക്ഷന് കീഴിലെ ട്രാൻസ്ഫോർമർ DP യിൽ കയറി ആത്മഹത്യയ്ക്ക് ശ്രമിച്ച കാര്യം സൂചിപ്പിക്കുകയും ഇനി ഇത്തരത്തിലുള്ള പ്രശ്നത്തിനെതിരെയും എന്തു ചെയ്യണമെന്നു ചർച്ച ചെയ്യണം എന്ന് അറിയിക്കുകയും

ചെയ്യ. സെക്ഷൻ ഓഫീസുകളിൽ സൺ റൈസ് മീറ്റിംഗ് നടത്തുമ്പോൾ ജീവനക്കാരുടെ ആരോഗ്യ സ്ഥിതി ആരായുകയും അത് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്യണമെന്നു നിർദ്ദേശിച്ചു.

- സേഫ്റ്റി അസസ്മെന്റ് കമ്മിറ്റി 25 സർക്കിളുകളിലും വിസിറ്റ് നടത്തി (ഇതിൽ 16 എണ്ണത്തിൽ CSC എന്ന നിലയിൽ പങ്കെടുക്കുവാനായി), കമ്മിറ്റിയുടെ വർക്ക് സൈറ്റ് പരിശോധനയിൽ നിന്നും മനസ്സിലാകുന്നത് സുരക്ഷ / സ്റ്റാൻഡേർഡ് പാലിച്ചു ജോലി ചെയ്യിപ്പിക്കുന്നതിനു പലർക്കും സാധിക്കുന്നില്ല പലർക്കും വർക്ക് പ്രൊസീജ്വറിനെ കുറിച്ച് വ്യക്തമായ ധാരണ ഇല്ല. ആയതിനാൽ കമ്മിറ്റി നടത്തിയ യോഗങ്ങളിൽ വന്നിരിക്കുന്ന അഭിപ്രായം പുതുതായി ഒരു സെക്ഷനിൽ /വിങ്ങിൽ ജോയിൻ ചെയ്യുന്ന ജീവനക്കാരോട് അവർക്ക് ഫീൽഡിലെ ജോലിയെ കുറിച്ച് എന്തൊക്കെ അറിയാം എന്ന് അവരോടു ചോദിച്ചു മനസിലാക്കണം അവർക്ക് എന്തെങ്കിലും അവ്യക്തത ഉണ്ടെങ്കിൽ അത് അവർക്ക് വിശദീകരിച്ചു നൽകി അവ്യക്തത നീക്കണം.

ചീഫ് സേഫ്റ്റി കമ്മീഷണറുടെ കാര്യാലയത്തിലെ അസിസ്റ്റൻറ് എൻജിനീയർ ശ്രീ അനന്തകൃഷ്ണൻ അപകടങ്ങളെയും സുരക്ഷാ പ്രവർത്തനങ്ങളെയും സംബന്ധിച്ച പവർ പോയിൻറ് പ്രസന്റേഷൻ അവതരിപ്പിച്ചു.

<u>ചീഫ് സേഫ്റ്റി കമ്മീഷണർ</u>

- മീറ്റിംഗ് റിവ്യൂ (2023 ഒക്ടോബർ മുതൽ 2024 ജനുവരി വരെ) കാലയളവിലുള്ള വൈദ്യുത അപകടങ്ങളും അതിനുള്ള കാരണങ്ങളും പരിഹാര മാർഗങ്ങളും മറ്റു സുരക്ഷാ പ്രവർത്തനങ്ങളും ആണ് പവർ പോയിൻറ് പ്രസന്റേഷനിൽ കാണിച്ചത്. വൈദ്യുത അപകടങ്ങൾക്കെതിരെ എന്തു നടപടികളാണ് എടുക്കേണ്ടതെന്നു നമുക്ക് ചർച്ച ചെയ്തു പോകാം

<u>ശ്രീ രാജേഷ് ബാബു ,ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് പ്രതിനിധി</u>

- കഴിഞ്ഞ വർഷം ഉണ്ടായ അപകടങ്ങളുടെ എണ്ണവുമായി താരതമ്യം ചെയ്യുമ്പോൾ ഈ വർഷം അപകടങ്ങളുടെ എണ്ണം കുറവാണു.
- ടച്ചിംഗ് clearing ചെയ്യുന്ന ഇടവേളയുടെ duration കുറച്ച് ടച്ചിംഗ് clearing ആവർത്തിച്ച് ചെയ്യണം

- HT/LT ലൈനിൽ, LT ലൈനിൻറെ മാത്രം maintenance വർക്ക് ചെയ്യുന്ന സമയത്തും HT ലൈനും കൂടി ഓഫ് ചെയ്ത മാത്രമേ ജോലി ചെയ്യുവാൻ പാടുള്ളൂ..

- ട്രാൻസ്ഫോർമർ സ്റ്റേഷനിലെ എർത്ത് resistance വാല്യൂ ഇടയ്ക്ക് ചെക്ക് ചെയ്യണം.

ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ , എസ് സി എം ,ഐ ടി & സേഫ്റ്റി)

സൺറൈസ് മീറ്റിംഗിൽ നെറ്റ് വർക്കിൽ വരുന്ന മാറ്റങ്ങൾ ചർച്ച ചെയ്യണമെന്നും എല്ലാ ഫീൽഡ് ജീവനക്കാരും അത് ശ്രദ്ധിച്ച് വേണം വർക്ക് ചെയ്യാനെന്നും , കൂടാതെ സൺറൈസ് മീറ്റിംഗിൽ പറയേണ്ട കാര്യങ്ങൾ നേരത്തെ തീരുമാനിച്ചാൽ മീറ്റിംഗ് നേരത്തെ തീർക്കാനും ബാക്കി സമയം കൂടി ഫീൽഡിൽ ജോലി ചെയ്യാൻ സാധിക്കുമെന്നും പറഞ്ഞു.

- പൊതുജനങ്ങൾക്കുണ്ടാകുന്ന അതൃപ്തി കുറയ്ക്കുവാൻ 11 കെ.വി. interruption-പരിഹരിക്കുന്നതിന് കൂടുതൽ പ്രാധാന്യം നൽകുക.

- സോളാർ കണക്ഷൻ കൊടുക്കുമ്പോൾ തന്നെ , കണക്ഷൻ കൊടുക്കുന്ന പോസ്റ്റിൽ ജീവനക്കാർ പെയിന്റ് ഉപയോഗിച്ച് മാർക്ക് ചെയ്യണം.

- സുരക്ഷാ പരിശോധനകൾ നടത്തണം. പരിശോധനയിൽ എല്ലാ കാര്യങ്ങളും ശ്രദ്ധിക്കണം. ഉദാഹരണത്തിന് ചെക്ക് റീഡിംഗ് എടുക്കുക, ലൈനിന് താഴെ മരം വെച്ച് പിടിപ്പിച്ചാൽ അത് സുരക്ഷാ മാനദണ്ഡം പാലിച്ചിട്ടാണോ എന്നു ഉറപ്പുവരുത്തുവാൻ ,പൊതുജനങ്ങൾക്ക് awareness നൽകണം. അപകടരഹിത KSEBL ആയിട്ട് മാറ്റണം

- Disiplinary Authority - നടപടി എടുക്കുമ്പോൾ എന്തൊക്കെ മാനദണ്ഡങ്ങൾ /കാര്യങ്ങൾ നോക്കണം എന്നുള്ള ഒരു ഗൈഡ് ലൈൻ നൽകണം .

ശ്രീ റാം മഹേഷ്, ചീഫ് പേഴ്സണൽ ഓഫീസർ

- മീറ്റിംഗ് റിവ്യൂ (2023 ഒക്ടോബർ മുതൽ 2024 ജനുവരി വരെ) കാലയളവിൽ ഒരു കോടി പത്തൊൻപതു ലക്ഷം രൂപ നഷ്ട പരിഹാരമായി നൽകി. ഒരു വർഷം ഏകദേശം 5 കോടിക്കടുത്തു വരുന്നു. അപകടം പൂജ്യത്തിൽ എത്തിക്കുകയാണ് ഇതിനുള്ള പരിഹാരം.. ഉപഭോക്താക്കളുടെ പ്രിമിസേസിൽ ELCB ഇല്ലാത്തതു കൊണ്ട് ഉണ്ടാകുന്ന അപകടങ്ങൾ ഇല്ലാതാക്കുവാൻ മീറ്റർ റീഡർമാരെ കൊണ്ട് ELCB ഇല്ലാത്ത കണക്ഷനുകൾ കണ്ടു പിടിച്ച് അവ സ്ഥാപിക്കുന്നതിനുള്ള നടപടി എടുക്കുക

- കരാർ ജീവനക്കാർക്ക് PPE നൽകാം എന്ന് തീരുമാനം ഉണ്ടായിരുന്നു. കോൺട്രാക്ടർ മാരുടെ സംഘടനയിൽ നിന്നും അത് ലഭിക്കുന്നില്ല എന്നു പരാതി വരുന്നുണ്ട്, പരിശോധിക്കണം.

- വൈദ്യുത അപകടത്തിനെതിരെ disciplinary action എടുക്കുമ്പോൾ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും നഷ്ടപരിഹാര തുക കൂടി ഈടാക്കണം എന്ന ഒരു opinion ലീഗൽ അഡ്വൈസർ ആൻഡ് ഡിസിപ്ലിനറി എന്ക്വയറി ഓഫീസർ വച്ചിട്ടുണ്ടെന്ന് അറിയിച്ചു.

ശ്രീമതി. സ്മിതാ മാത്യു, ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ഡിസ്ട്രിബ്യൂഷൻ നോർത്ത് മലബാർ)

- മീറ്റിംഗ് റിവ്യൂ കാലയളവിൽ ഉണ്ടായ അപകടങ്ങളെ കുറിച്ച് സംസാരിച്ചു. സൂപ്പർവൈസറി വീഴ്ച മൂലം 4 അപകടങ്ങളും spacer ഇടുവാൻ ശ്രമിക്കുന്നതിനിടെ ഏണിയിൽ നിന്നും വീണ് 2 അപകടങ്ങളും സംഭവിച്ചു. ഉൾപ്രദേശങ്ങളിൽ spacer ഇടുന്നതിനു എരിയൽ ലിഫ്റ്റ് ഉപയോഗിക്കുന്നില്ല .spacer ഇടുന്നതിനു ഗൈഡ് ലൈൻ ആവശ്യം ഉണ്ട്.

- Disciplinary action എടുക്കുമ്പോൾ- proceedings ൽ എത്ര ആണ് നഷ്ട പരിഹാരം പിടിക്കേണ്ടതെന്നു ഒരു direction ബോർഡ് ലെവലിൽ വേണം.

ചീഫ് സേഫ്റ്റി കമ്മീഷണർ

- spacer ഇടാൻ പറ്റുന്ന ladder ഉപയോഗിച്ച് വേണം ജോലി ചെയ്യുവാൻ. spacer ഇടുന്നതിനു പൊതുവായിട്ടു direction നൽകാം

ശ്രീമതി സന്ധ്യ ദിവാകർ , ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ഡിസ്ട്രിബ്യൂഷൻ നോർത്ത്)

- മീറ്റിംഗ് റിവ്യൂ കാലയളവിൽ ഉണ്ടായ അപകടങ്ങളെ കുറിച്ച് സംസാരിച്ചു. പൊതുജനങ്ങൾക്ക് awareness നല്കുന്നുണ്ടെങ്കിലും ചക്ക മാങ്ങ തുടങ്ങിയവയുടെ വിളവെടുപ്പ് സീസൺ ആകുമ്പോൾ അപകടങ്ങൾ കൂടുന്നു.

ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ , എസ് സി എം ,ഐ ടി & സേഫ്റ്റി)

- പൊതുജനങ്ങൾക്ക് DSM activities കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു awareness ക്ലാസ്സ് നൽകുവാനും മൈക്ക് അനൌൺസ്മെന്റ് നടത്തുവാനും നിർദ്ദേശിച്ചു.

ശ്രീ.സുധർമ്മൻ, ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ഡിസ്ട്രിബ്യൂഷൻ, സെൻട്രൽ)

- Awareness ക്ലാസ്സുകൾ നൽകുന്നുണ്ടെങ്കിലും ഫീൽഡിൽ അപകടങ്ങൾ ഉണ്ടാകുന്നു, സുരക്ഷാ വർക്ക് proceedure മാറ്റം വരുത്തണം. ഗ്രൗണ്ടിൽ നിന്നു തന്നെ സ്ഥാപിക്കുന്ന രീതി യിലുള്ള MIDEA നിർമ്മിച്ച് ആലപ്പുഴ ഭാഗത്ത് പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപിച്ചിട്ടുള്ള HSO സ്പെയ്സർ കുറച്ചു കൂടി മാറ്റം വരുത്തി ചെയ്തെടുത്താൽ നന്നായിരുന്നു.കരാർ ജീവനക്കാർക്ക് PPE വാങ്ങി നൽകിയിട്ട് അതിനു വരുന്ന ചെലവു കരാറുകാരന്റെ ബില്ലിൽ നിന്നും ഈടാക്കുന്ന സംവിധാനം നിലവിലുണ്ട്. അതിനെക്കാൾ നല്ലത് അവർ തന്നെ വാങ്ങണം എന്ന് നിഷ്കർഷിക്കുന്നതാണ് .
- അച്ചടക്ക നടപടിയിൽ അപകടത്തിനുള്ള നഷ്ട പരിഹാര തുക ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കണം എന്ന് പറയുന്നത് ആലോചിച്ചു തീരുമാനം എടുക്കേണ്ടതാണ്.

ശ്രീ.രാജേഷ്.ഡി.എസ്, ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ഡിസ്ട്രിബ്യൂഷൻ, സൗത്ത്)

- ലൈൻമാൻ മാരുടെ കുറവ് സെക്ഷൻ ഓഫീസുകളിൽ വളരെയധികം ബുദ്ധിമുട്ട് ഉണ്ടാക്കുന്നു. കാട്ടാക്കട സർക്കിളിനു കീഴിൽ സൺ റൈസ് മീറ്റിങ്ങിൻറെ ടൈം വച്ചുള്ള ഫോട്ടോ എടുത്തു വാട്സ്ആപ്പ് ഗ്രൂപ്പിൽ ഇടണം എന്നുള്ള ഇഷ്യൂ വിനു ഒരു പരിഹാരം വേണം. വൈദ്യുതി അപകടം മൂലം ഉരുത്തിരിഞ്ഞുണ്ടാകുന്ന അച്ചടക്ക നടപടിയിൽ കാരണക്കാരനായ ഉദ്യോഗസ്ഥനിൽ നിന്നും നഷ്ടപരിഹാരം ഈടാക്കണം എന്നുള്ളത് ബോർഡ് ഉത്തരവ് ആയി നൽകണം.

ശ്രീ .മനോജൻ പി പി , ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ട്രാൻസ്മിഷൻ നോർത്ത്)

- ട്രാൻസ്മിഷനിൽ താരതമ്യേന വൈദ്യുത അപകടങ്ങൾ കുറവാണു. സുരക്ഷാ യോഗങ്ങളും ,പരിശോധനകളും awareness ക്ലാസ്സുകളും ഒക്കെ കൃത്യമായി നടത്തുന്നുണ്ട്. സബ് സ്റ്റേഷനുകളിൽ ഉള്ള പഴയ രൂപത്തിലുള്ള സർക്യൂട്ട് ബ്രേക്കറുകളുടെ പ്രവർത്തന ക്ഷമത പരിശോധിക്കാൻ പറഞ്ഞിട്ടുണ്ട്. അപകടത്തിനെതിരെയുള്ള അച്ചടക്ക നടപടിയിൽ കാരണക്കാരനായ ഉദ്യോഗസ്ഥനിൽ നിന്നും നഷ്ടപരിഹാരം ഈടാക്കണം എന്നുള്ളതിന് കൃത്യമായ മാർഗനിർദ്ദേശം വേണം

ശ്രീമതി ലീലാമ്മായി.എ, ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ട്രാൻസ്മിഷൻ സൗത്ത്)

- മീറ്റിംഗ് റിവ്യൂ കാലയളവിൽ ഉണ്ടായ അപകടത്തെ കുറിച്ച് പറഞ്ഞു. സുരക്ഷാ

യോഗങ്ങളും ,പരിശോധനകളും awareness ക്ലാസ്സുകളും നല്ല രീതിയിൽ നടത്തുന്നുണ്ട്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കു SMART ൽ access കിട്ടുന്നതിനുള്ള നടപടി വേണം.

പല ഓഫീസുകളിലും ഓഫീസ് രേഖകൾ ഫയലിംഗ് ചെയ്യുന്ന രീതി proper അല്ല, കൂടാതെ ട്രാൻസ്ഫർ ആയി പോകുന്ന ഉദ്യോഗസ്ഥർ ഫയൽ handing over കൃത്യമായി നടത്തുന്നില്ല. അതുകാരണം, RIA 2005 മായി ബന്ധപെട്ടു വരുന്ന പരാതിയ്ക്ക് മറുപടി നല്കാൻ വളരെയധികം ബുദ്ധിമുട്ടുന്നു.

ശ്രീ. സുദേവ് കുമാർ.എം.കെ , ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ജനറേഷൻ)

- വൈദ്യുത അപകടങ്ങൾ കുറവാണു. 2024 ജനുവരിയിൽ ഒരു ക്രാർ തൊഴിലാളിക്ക് മാരകമല്ലാത്ത നോൺ ഇലക്ട്രിക്കൽ അപകടം ഉണ്ടായി. സുരക്ഷാ ഉപകരണങ്ങളും മാനദണ്ഡങ്ങളും കൃത്യമായി പാലിക്കുന്നു. ഫയർ സിസ്റ്റം നല്ല രീതിയിൽ പ്രവർത്തിക്കുന്നു. SMART ൽ access കിട്ടുന്നതിനുള്ള നടപടി എടുക്കണം..

- ജനറേറ്റിംഗ് സ്റ്റേഷനുകളിൽ കൂടുതലും അണ്ടർ ഗ്രൗണ്ടിൽ ആണ് പ്രത്യേകിച്ച് മൂലമറ്റം. അതിനാൽ അണ്ടർ ഗ്രൗണ്ടിൽ ഓക്സിജൻ അളവ് നോക്കേണ്ടതുണ്ട്. അത് ചെക്ക് ചെയ്യാറുണ്ട്. ഇടമലയാർ ജനറേറ്റിംഗ് സ്റ്റേഷനിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ ജയശങ്കറിന്റെ നേതൃത്വത്തിൽ ,ഫയർ ഹൈഡ്രന്റ് സിസ്റ്റം നവീകരിച്ചെടുത്തിട്ടുണ്ട്. ഉപയോഗമില്ലാതെ കിടന്ന പല സാധനങ്ങളും ഉപയോഗിച്ച് നമ്മുടെ ജീവനക്കാർ തന്നെ ചെയ്തെടുത്തതാണ്. അത് നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്.

ചീഫ് സേഫ്റ്റി കമ്മീഷണർ

- ഫയർ ഹൈഡ്രന്റ് സിസ്റ്റം നവീകരിച്ചെടുക്കാൻ പ്രയത്നിച്ച എക്സിക്യൂട്ടീവ് എഞ്ചിനീയർ ജയശങ്കറിനെയും ടീമിനെയും ഈ കമ്മിറ്റി യുടെ അനുമോദനം അറിയിക്കുവാൻ നിർദ്ദേശിച്ചു

ശ്രീമതി. സജിതകുമാരി.ടി.എസ്, റ്റി .എ ടു ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ,ഐ.റ്റി & എസ്.സി,എം)

- വൈദ്യുത അപകടങ്ങൾ വിശകലനം ചെയ്യുമ്പോൾ പൊതുജനങ്ങൽക്കാണ് കൂടുതലും അപകടം സംഭവിച്ചതായി കാണുന്നത്. അതിനാൽ പൊതുജനങ്ങൾക്ക് awareness ക്ലാസ്സുകൾ കൂടുതൽ നൽകുക.

- മാനസിക സമ്മർദ്ദം കാരണമാണ് ജീവനക്കാർ ആത്മഹത്യ പ്രവണത കാണിക്കുന്നത് . അതിനാൽ സ്ട്രെസ് management ക്ലാസ്സ്/training നൽകുക.

- സെക്ഷൻ ഓഫീസുകളിൽ 11 കെ.വി. സിംഗിൾ ലൈൻ ഡയഗ്രം അപ്ഡേറ്റ് ആക്കി വയ്ക്കുക. സൺ റൈസ് മീറ്റിങ്ങുകളിൽ സുരക്ഷാ പ്രതിജ്ഞ ചെയ്യണം.

- ലൈൻ spacer ഇടുന്നതിനുള്ള ഗൈഡ് ലൈൻ ഉടൻ നൽകും.

- ലൈൻ മാൻമാരുടെ കുറവ് പരിഹരിക്കുന്നതിന് - ഉത്തരവ് ഉടൻ നൽകും

ശ്രീ.ഷിബു.കെ.ജോസഫ്, റ്റി .എ ടു ഡയറക്ടർ (ജനറേഷൻ-ഇലക്ട്രിക്കൽ)

- സുരക്ഷാ കാര്യങ്ങൾ നല്ല രീതിയിൽ കൈകാര്യം ചെയ്തു പോകുന്നുണ്ട്.

ശ്രീ സജീവ് കുമാർ, KSEB WA പ്രതിനിധി

- ഫീൽഡിൽ ജീവനക്കാരുടെ കുറവും മെറ്റീരിയൽസിൻറെ കുറവും മേൽ ഉദ്യോഗസ്ഥരിൽ നിന്നും വർക്ക് സമയ ബന്ധിതമായി ചെയ്യണം എന്നതിന്റെ നിർദ്ദേശവും കൂടാതെ അവരുടെ വീട്ടിലെ പ്രശ്നങ്ങളും എല്ലാം ജീവനക്കാരുടെ മാനസിക സമ്മർദ്ദം കൂട്ടുന്നു. ഇത് അപകടത്തിലേയ്ക്കു നയിക്കുന്നു. അതിനാൽ അവർക്ക് മനസിലാകുന്ന തരത്തിലുള്ള ഒരു stress management ക്ലാസും സുരക്ഷാ ക്ലാസ്സുകളും നൽകുന്നത് നല്ലതാണു,

- സാങ്കേതിക കാരണങ്ങളാൽ ഇലക്ട്രിസിറ്റി വർക്കറിൽ നിന്നും ലൈൻമാൻ പ്രോമോഷൻ നടക്കുന്നില്ല . അതിനാൽ ലൈൻ സ്റ്റാഫിന്റെ കുറവ് പരിഹരിക്കുന്നതിന് സീനിയർ ആയ ഇലക്ട്രിസിറ്റി വർക്കർക്ക് training നൽകിക്കൊണ്ട് അവർക്ക് ലൈൻമാൻറെ ജോലി നൽകുക. കൂടാതെ ഇലക്ട്രിസിറ്റി വർക്കർമാർക്ക് കൂടി safety കിറ്റ് നൽകണം.

- CSC DESK നോട്ടീസ് കൃത്യമായി സൺ റൈസ് മീറ്റിംഗിൽ അവലോകനം ചെയ്യുന്നുണ്ടോ എന്ന് ഉറപ്പാക്കുകയും ഡിവിഷൻ തലത്തിൽ സുരക്ഷാ മീറ്റിംഗ് നടത്തുന്നതിന്റെ മിനുട്സിന്റെ പകർപ്പ് ചീഫ് സേഫ്റ്റി കമ്മീഷണർക്ക് നൽകുകയും വേണം.

- മഴക്കാലം വരുന്നതിനാൽ അറ്റകുറ്റപ്പണികൾ ചെയ്യുകയും അതിനാവശ്യമുള്ള material ൻറെ ലഭ്യത ഉറപ്പാക്കുകയും വേണം.

- ഉത്സവക്കലമയതിനാൽ - അതുമായി ബന്ധപ്പെട്ട ആർച്ച്, കെട്ടുകാഴ്ച്ച ഇവയൊക്കെ വൈദ്യുത അപകടത്തിന് വഴിവയ്ക്കാം. ആയതിനാൽ മുൻകരുതലായി തദ്ദേശ സ്വയംഭരണ സ്ഥാപനം , കലക്ടർ ,പോലീസ് , ഇലക്ട്രിക്കൽ ഇന്സ്പെക്ടറേറ്റ് ഇവർക്കൊക്കെ കത്ത് നൽകണം. കൂടാതെ മാവേലിക്കര അപകടത്തെ മുൻനിർത്തി ഇങ്ങനെയുള്ള സ്ഥലങ്ങളിൽ ശാശ്വത പരിഹാരം കാണാൻ bare conductor മാറ്റി ABC/ UG കേബിൾ ആക്കുന്ന പ്രവൃത്തി MP/MLA ഫണ്ട് ഉപയോഗിച്ച് ചെയ്യിപ്പിക്കുവാനുള്ള നടപടി തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി ചേർന്ന് എടുക്കുക.

- ഉപയോഗമില്ലാത്ത ലൈൻ അഴിച്ചുമാറ്റുമ്പോൾ അതിൽ ഉപയോഗിക്കാൻ പറ്റുന്ന parts കൾ ഉണ്ടെങ്കിൽ അത് പ്രയോജന പ്പെടുത്തണം.

- വൈദ്യുത അപകടങ്ങൾ മനപ്പൂർവ്വം ആരും ഉണ്ടാക്കുന്നതല്ല, Disciplinary action ൽ കാരണക്കാരനായ ഉദ്യോഗസ്ഥനിൽ നിന്നും നഷ്ടപരിഹാരം ഈടാക്കണം എന്നുള്ള അഭിപ്രായത്തോട് യോജിക്കുന്നില്ല. നല്ല രീതിയിലുള്ള അന്തരീക്ഷം ഓഫീസിൽ ഉണ്ടെങ്കിൽ മാത്രമേ ജീവനക്കാർക്ക് ജോലി ചെയ്യുവാൻ സാധിക്കൂ.

- കാട്ടാക്കട സർക്കിളിൽ കിടക്കുന്ന ഏരിയൽ ലിഫ്റ്റ് തുരുമ്പെടുത്തു തുടങ്ങി , അത് ഉപയോഗിക്കുന്നതിനുള്ള നടപടി എടുക്കണം.. കൂടാതെ കാട്ടാക്കട സർക്കിളിൽ സൺ റൈസ് മീറ്റിങ്ങിൻറെ ടൈം വച്ചുള്ള ഫോട്ടോ എടുത്തു whatsapp ഗ്രൂപ്പിൽ ഇടണം എന്നുള്ള നിർദ്ദേശം ഒഴിവാക്കണം. കാരണം അത്തരത്തിലുള്ള ഒരു ബോർഡ് ഉത്തരവും ഇല്ല.

<u>ശ്രീ.അനീഷ്, KSEBOA പ്രതിനിധി</u>

- പൊതുജനങ്ങൾക്കുണ്ടാകുന്ന വൈദ്യുത അപകടങ്ങൾക്കെതിരെ awareness ക്ലാസ്സ് നൽകിയിട്ടും അപകടങ്ങൾ വർദ്ധിക്കുന്നതിനാൽ അപകടത്തിന് കാരണമാകുന്നവർക്കു punishment/ നഷ്ട പരിഹാരം ചുമത്തണം. അപ്പോൾ അവർ (പൊതുജനങ്ങൾ) കുറച്ചുകൂടി ശ്രദ്ധിക്കും.

- JIO pole ലൈനുമായി നിർദ്ദിഷ്ട അകലം പാലിച്ചില്ലെങ്കിൽ പൊതുജനങ്ങൾക്ക് കൂടി ബാധകമായതിനാൽ ലോക്കൽ ബോഡി യുടെ സഹായത്തോടെ നടപടി എടുക്കണം.

- അച്ചടക്ക നടപടിയിൽ, കാരണക്കാരനായ ഉദ്യോഗസ്ഥനിൽ നിന്നും നഷ്ടപരിഹാരം

ഈടാക്കണം എന്നുള്ളതിനോട് അംഗീകരിക്കാൻ പറ്റില്ല .

- മീറ്റർ റീഡർമാരെ കൊണ്ട് ഡാറ്റാസ് PDA മെഷീൻ വഴി collect ചെയ്യുന്നതിനേക്കാൾ SMART ൽ അല്ലെങ്കിൽ പുതിയൊരു മൊബൈൽ ആപ് ഡെവലപ്പ് ചെയ്തു അതിൽ എല്ലാ ജീവനക്കാർക്കും install ചെയ്തു datas collect ചെയ്യുന്ന കാര്യം പരിഗണിക്കാവുന്നതാണ്.
- ലൈൻ സ്റ്റാഫിന്റെ കുറവ് - ഉടൻ പരിഹരിക്കണം.

ശ്രീ വിജി പ്രഭാകരൻ, KSEBEA പ്രതിനിധി

- AAC /AAAC പൊട്ടി വീണ് അപകടം ഉണ്ടായാൽ ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുക്കാൻ ശുപാർശ ചെയ്യുമെന്നു CSC നടത്തിയ റിവ്യു യോഗത്തിൽ ഇലക്ട്രിക്കൽ ഇന്സ്പെക്ടർ പറയുകയുണ്ടായി.. പക്ഷേ reconductoring വർക്ക് പൂർത്തിയായിട്ടില്ലാത്തതിനാൽ അത് പൂർത്തീകരിക്കാൻ ആവശ്യ മായ materials ഉം ഫണ്ടും ലഭ്യമാക്കാനുള്ള നടപടി എടുക്കണം., അല്ലാതെ ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുക്കരുത്.
- പരസ്യ എജൻസികളാണ് പോസ്റ്റുകളിലും സ്ട്രക്ച്ചറുകളിലും പരസ്യങ്ങളും മറ്റും വച്ച് കെട്ടുന്നത് ,ഇത് അപകടം വരുത്തുന്നു, അതിനാൽ പരസ്യ എജൻസികൾക്കെതിരെ പോലീസ് സ്റ്റേഷനിൽ പരാതി നൽകുക.
- വയർമാൻ Contractors അസോസിയേഷൻറെ ഒരു വാർഷിക യോഗത്തിൽ, ELCB വാങ്ങി നൽകിയാൽ free of cost ൽ വെച്ച് നൽകാം എന്ന് പ്രഖ്യാപിച്ചിരുന്നു . ഇലക്ട്രിക്കൽ ഇന്സ്പെക്ടറേറ്റിന് ELCB വാങ്ങി കൊടുക്കുന്ന ഒരു പദ്ധതി ഉള്ളതായി അറിയുന്നു. ആയതിനാൽ അവർ തമ്മിൽ യോജിച്ചു നടപടി എടുത്താൽ ELCB provide ചെയ്യാത്തതുമൂലം ഉണ്ടാകുന്ന വൈദ്യുത അപകടത്തിന് പരിഹാരമാകും.

ശ്രീ. സുബ്രഹ്മണ്യൻ.കെ.കെ, KSEBOF പ്രതിനിധി

- വൈദ്യുത അപകടങ്ങൾ കുറയുന്നുണ്ടെന്നു റിവ്യു യിൽ കണ്ടതിൽ സന്തോഷം ആയതിന് safety വിങ്ങിന് ഞങ്ങളുടെ അഭിനന്ദനം അറിയിക്കുന്നു. വൈദ്യുത അപകടങ്ങൾ കുറക്കുന്നതിന് ജീവനക്കാർക്കും പൊതുജനങ്ങൾക്കും awareness ക്ലാസ്സ് നൽകുകയും ചക്ക , മാങ്ങ തുടങ്ങിയവയുടെ വിളവെടുപ്പ് സീസൺ വരുന്നതിനാൽ സോഷ്യൽ മീഡിയ (facebook, TV channel) കുറച്ചു കൂടി ഉപയോഗ പ്പെടുത്തുകയും ചെയ്യേണ്ടതാണ്

- HT ABC ഉപയോഗിച്ച് ലൈൻ വലിക്കുമ്പോൾ ജോയിന്റ് ഉള്ളിടത്തും അല്ലെങ്കിൽ രണ്ടു end ലും എർത്ത് ചെയ്യണമെന്നാണ് ഇലക്ട്രിക്കൽ ഇന്സ്പെക്ടറേറ്റ് നിർദ്ദേശം. എന്നാൽ സബ്സ്റ്റേഷൻ പോയിന്റിൽ ലൈൻ വലിക്കുമ്പോൾ എർത്ത് current/ fault current മൂലം അവിടുത്തെ എർത്ത് കട്ട് ആകുന്ന സ്ഥിതിയുണ്ട്. ഒരു side മാത്രം എർത്ത് ചെയ്യുകയാണെങ്കിൽ circulating current കുറക്കാൻ പറ്റും. അതുപോലെ തന്നെ lightning Arrester ലൈനിൽ കണക്ട് ചെയ്യുമ്പോൾ അതിനു മാത്രമായി പ്രത്യേകം എർത്ത് ആണ് സാധാരണയായി ചെയ്തുവരുന്നത്. എന്നാൽ ഇപ്പോൾ ഇലക്ട്രിക്കൽ ഇന്സ്പെക്ടറേറ്റിന്റെ നിർദ്ദേശം എർത്ത് ലിങ്ക് ചെയ്യണമെന്നാണ്. ഇതിനൊരു ക്ലാരിഫിക്കേഷൻ വേണം..

- Disciplinary action ൽ കാരണക്കാരനായ ഉദ്യോഗസ്ഥനിൽ നിന്നും നഷ്ടപരിഹാരം ഈടാക്കണം എന്നുള്ളതിനോട് സംഘടനയ്ക്ക് യോജിപ്പില്ല.

- ഫീൽഡ് ജീവനക്കാരുടെ കുറവ് ഉടൻ പരിഹരിക്കണം.

- ELCB ഇല്ലാത്ത പഴയ കണക്ഷനിൽ അത് സ്ഥാപിക്കേണ്ടത്തിൻറെ ആവശ്യകതയെ കുറിച്ചുള്ള awareness പൊതു ജനങ്ങൾക്ക് നൽകാം , എന്നാലും സ്ഥാപിക്കാത്തവർക്കെതിരെ എങ്ങനെ അത് ചെയ്യിപ്പിക്കണം എന്നുള്ള രീതിയിൽ ഒരു ബോർഡ് ഉത്തരവ് വേണം.

ശ്രീ. ആനന്ദ്, KEOC

- എല്ലാ മാസവും 1 മുതൽ 5 ആം തീയതി വരെ ഫീൽഡിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് പലവിധ ജോലികളാൽ തിരക്കാണ് അതിനിടയ്ക്ക് ഒരേ കാര്യം തന്നെ പലവിധ google format ൽ ചോദിക്കുന്നത് മാനസ്സിക സമ്മർദ്ദം ഉണ്ടാക്കുന്നു. അതിനാൽ ഒരു സ്റ്റാൻഡേർഡ് റിപ്പോർട്ട് format ആക്കിയാൽ (SAMAGRA-യിൽ) ജോലി ഭാരം കുറയും.

- ഒരു വർക്കിന് വേണ്ടി വർക്ക് പെർമിറ്റ് എടുക്കുമ്പോൾ ആ വർക്കിന്റെ ഉത്തരവാദിത്വം ബോർഡ് ജീവനക്കാർക്ക് മാത്രമല്ല കരാർ ജീവനക്കാർക്കും അതിൻറെ ഉത്തരവാദിത്വം ഉണ്ട്. അതിനാൽ കരാർ ജീവനക്കാർക്കും കൂടി പെർമിറ്റ് വർക്കിൽ ഉത്തരവാദിത്വം ഉൾപ്പെടുത്തിക്കൊണ്ട് ബോർഡ് ഉത്തരവ് ഇറക്കണം. കൂടാതെ അവർക്ക് ആവശ്യമുള്ള സുരക്ഷാ ഉപകരണങ്ങൾ അവർ തന്നെ വാങ്ങണം എന്ന് പറയണം.

ശ്രീ. അരുൺ, KSEBO സംഘ് പ്രതിനിധി

- സെക്ഷൻ ഓഫീസുകളിൽ ലൈൻ സ്റ്റാഫിന്റെ കുറവുണ്ട്, കൂടാതെ അവർക്ക് ട്രെയിനിംഗുകൾ നൽകണം.
- spacer provide ചെയ്യുന്നതിന് ഗൈഡ് ലൈൻ വേണം.
- Jio / KFON കേബിളുകൾ വൈദ്യുത ലൈനുമായി clearance maintain ചെയ്യുന്നുണ്ടോ എന്ന് ഉറപ്പാക്കണം.

ചീഫ് സേഫ്റ്റി കമ്മീഷണർ

- ഉത്സവങ്ങളോട് അനുബന്ധിച്ചുള്ള -കെട്ടുൽസവം - മുൻകൂട്ടി കണ്ടു നടപടി എടുക്കുവാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്,ദുരന്ത നിവാരണ authority ചെയർമാൻ എന്നുള്ള രീതിയിൽ കളക്ടർക്ക് കത്ത് നൽകാനുള്ള ഒരു നോട്ട് ബഹുമാനപ്പെട്ട KSEBL ചെയർമാന് വച്ചിട്ടുണ്ട്. അതിൻറെ നടപടി ഉടൻ നടക്കുമെന്ന് പ്രതീക്ഷിക്കുന്നു.
- വൈദ്യുത അപകടങ്ങൾക്കെതിരെ ജാഗ്രത പാലിക്കുവാൻ ധാരാളം പരസ്യങ്ങൾ PRO വഴി നൽകുന്നുണ്ട്.
- ഫീൽഡ് ജീവനക്കാരുടെ കുറവ് പരിഹരിക്കുവാൻ - സുരക്ഷാ വിഭാഗത്തിൽ നിന്നും കത്ത് നൽകാം.
- Disciplinary action ൽ കാരണക്കാരനായ ഉദ്യോഗസ്ഥനിൽ നിന്നും നഷ്ടപരിഹാരം ഈടാക്കണം എന്നുള്ള നിർദ്ദേശം കൂടുതൽ ചർച്ചകൾക്കുശേഷം പരിശോധിക്കാം
- Maintanance ന് പ്രാധാന്യം നൽകികൊണ്ട് Reconductoring വർക്ക് ചെയ്യുവാൻ ഉള്ള നടപടി എടുക്കും.
- Stress management ക്ലാസ്സുകൾ നടത്തുന്നുണ്ട് . വീണ്ടും നടത്തുവാൻ നിർദ്ദേശം നൽകാം.
- Spacer provide ചെയ്യുന്നതിനുള്ള ഗൈഡ് ലൈൻ ഇറക്കുന്നതിനുവേണ്ട നടപടി Distribution വിഭാഗം എടുക്കുന്നുണ്ട്.
- സെക്ഷനിൽ നിന്നും ഉള്ള വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള ഏകീകൃത google sheet - safety മീറ്റിംഗിൽ വന്ന നിർദ്ദേശം ആയി IT വിങ്ങിനു കത്ത് നൽകാം.

- സബ്സ്റ്റേഷനിൽ കരാർ ഓപ്പറേറ്റർമാരെ നിയോഗിക്കുമ്പോൾ സ്ക്രീനിംഗ് ടെസ്റ്റ് നടത്തണം.

ശ്രീമതി മഞ്ജു എസ് ദേവ്,എക്സിക്യൂട്ടീവ് എഞ്ചിനീയർ, ചീഫ് സേഫ്റ്റി കമ്മീഷണറുടെ കാര്യാലയം.

യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി അറിയിച്ചു

പകൽ 5.00 ന് യോഗനടപടികൾ അവസാനിച്ചു.

ചീഫ് എഞ്ചിനീയർ (REES, SOURA)

& ചീഫ് സേഫ്റ്റി കമ്മീഷണർ

പകർപ്പ് സമർപ്പണം :TA to CMD, KSEBL / TA to D (Distribution, SCM, & Safety) / TA to D (T,SO & Planning) / TA to D(G-E & REES, SOURA, SPORTS & WELFARE)/D(G-C)

പകർപ്പ്: യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും